ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 04.08.2024 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. രാജ്യത്തിന്റെ വികസനം സംസ്ഥാനങ്ങളുടെ സമഗ്രവും ത്വരിതഗതിയിലുള്ളതുമായ വികസനത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu said that the development of the country depends on the comprehensive and accelerated development of the states.**

2. വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്കായുള്ള തിരച്ചിൽ ആറാം ദിനത്തിലേക്ക്. സേവർ റഡാറും റെക്കോ റഡാറുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള തിരച്ചിൽ ഇന്ന് നടക്കും.

   **Search for missing persons in Wayanad Mundakai, Churalmala landslide disaster enters sixth day. A search involving Saver Radar and Reco Radars will be conducted today.**

3. വയനാട്ടിൽ രക്ഷാപ്രവർത്തനം അവസാന ഘട്ടത്തിലെന്നും പ്രതീക്ഷ കൈവിടാതെ പരമാവധി ജീവനുകൾ രക്ഷിക്കുകയാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that the rescue operation in Wayanad is in the final stage and the aim is to save as many lives as possible without giving up hope.**

4. വ്യോമ, റോഡ്, റെയിൽവേ, ജലപാതാ മാർഗങ്ങളിലൂടെ ശസ്ത്രക്രിയക്കായുള്ള അവയവങ്ങൾ എത്തിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

   **Union Ministry of Health issued guidelines for delivery of organs for surgery by air, road, rail and waterways.**

5. പാരീസ് ഒളിമ്പിക്സിൽ, ബാഡ്മിൻറണിലും ഹോക്കിയിലും ഉൾപ്പെടെ ഇന്ത്യയ്ക്ക് ഇന്ന് നിർണായക മത്സരങ്ങൾ. ഇന്ത്യ-ശ്രീലങ്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന് നടക്കും.

   **Crucial events for India today at the Paris Olympics, including badminton and hockey. India-Sri Lanka 2nd ODI cricket match will be played today.**

*******************************************************

## HEADLINES-1
## MEA-PREZ VISIT

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ഫിജിയിലേക്ക് യാത്ര തിരിക്കും. ഈ മാസം 10 വരെ ഫിജി, ന്യൂസിലാൻഡ്, തിമോർ-ലെസ്റ്റ് എന്നീ രാജ്യങ്ങൾ രാഷ്ട്രപതി സന്ദർശിക്കും.

****************************************

## PREZ- GOVERNORS CONFERENCE (INTRO)

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അധ്യക്ഷതയിൽ വിവിധ സംസ്ഥാനങ്ങളിലെ ഗവർണർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഇന്നലെ രാഷ്ട്രപതി ഭവനിൽ സമാപിച്ചു.

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

*പരസ്പരം മനസ്സിലാക്കി പ്രവർത്തിക്കുന്നതിൻറെ ഭാഗമായി സമഗ്രമായ ചർച്ചകൾ നടത്താനുള്ള ഗവർണർമാരുടെ കൂട്ടായ ശ്രമങ്ങളെ രാഷ്ട്രപതി ദ്രൗപതി മുർമു പ്രശംസിച്ചു. രാജ്യത്തിൻറെ വികസനം സംസ്ഥാനങ്ങളുടെ സമഗ്രവും ത്വരിതഗതിയിലുള്ളതുമായ വികസനത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു. കാര്യക്ഷമമായ പ്രവർത്തനത്തിനായി അതാത് സംസ്ഥാന സർക്കാരുകളുമായി വിവരങ്ങൾ തേടാനും സുസ്ഥിരമായ ആശയവിനിമയം നിലനിർത്താനും ഗവർണർമാർ മടിക്കേണ്ടതില്ലെന്ന് ചടങ്ങിൽ പങ്കെടുത്ത ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. രാജ്ഭവനുകളിൽ ഭരണത്തിൻറെ മാതൃക രൂപപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തൻറെ പ്രസംഗത്തിൽ ഗവർണർമാരോട് അഭ്യർത്ഥിച്ചു. ഗവർണർമാരുടെ സംഘം അവതരിപ്പിച്ച എല്ലാ റിപ്പോർട്ടുകളും പരിശോധിച്ച ശേഷം, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അവരുടെ ശ്രമങ്ങളെ അഭിനന്ദിക്കുകയും ചെയ്തു. രാഷ്ട്രപതി ഭവനിൽ ചേർന്ന യോഗത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ആഭ്യന്തര മന്ത്രി എന്നിവരെക്കൂടാതെ വിവിധ കേന്ദ്രമന്ത്രിമാർ, നിതി ആയോഗ് പ്രതിനിധികൾ മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.*

*ന്യൂസ്ഡെസ്ക് ആകാശവാണി*

****************************************

## HEADLINES-2
## CHALIYAR SEARCH

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്കായുള്ള തിരച്ചിൽ ആറാം ദിനത്തിലേക്ക്. ഇന്നലെ നടത്തിയ തിരച്ചിലിൽ നാലു മൃതദേഹങ്ങളാണ് കണ്ടെടുത്തത്. ഇതിൽ മൂന്നു മൃതദേഹങ്ങൾ നിലമ്പൂർ ചാലിയാർ പുഴയിൽ നിന്നാണ് കണ്ടെടുത്തത്. ചാലിയാർ പുഴയിൽ നിന്ന് 13 ശരീര ഭാഗങ്ങളും കണ്ടെടുത്തു. 98

പുരുഷന്മാരും 90 സ്ത്രീകളും 31 കുട്ടികളുമടക്കം ഇതുവരെ 219 പേരാണ് ദുരന്തത്തിൽ മരിച്ചത്. ഇതിൽ 152 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 147 ശരീര ഭാഗങ്ങളും കണ്ടെടുത്തു. 119 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു നൽകി. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളിലായി 88 പേരാണ് ചികിത്സയിലുള്ളത്. വയനാട് ജില്ലയിൽ 85 ദുരിതാശ്വാസ ക്യാമ്പുകളിലായി 8,908 പേരാണുള്ളത്. ആറു സോണുകളായി നടത്തിയ രക്ഷാദൗത്യത്തിൽ 1,264 സേനാംഗങ്ങളാണ് ഉണ്ടായിരുന്നത്. പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല, വില്ലേജ് ഏരിയ, പുഴയുടെ താഴെ ഭാഗം എന്നിവിടങ്ങളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. വനാതിർത്തികൾ പങ്കിടുന്ന മേഖലകളിൽ തിരച്ചിലിനായി വനം വകുപ്പ് കൂടുതൽ പേരെ വിന്യസിച്ചു. അതേസമയം, ഗാസിയാബാദിലെ ഹിൻഡൺ എയർബേസിൽ നിന്നും ഇന്നലെ ഒരു സേവർ റഡാറും നാല് റെക്കോ റഡാറുകളും ഓപ്പറേറ്റർമാർക്കൊപ്പം കോഴിക്കോട് വിമാനത്താവളത്തിലെത്തിച്ചു. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്നാണ് റഡാറുകൾ അയച്ചത്. ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിലെ അവശിഷ്ടങ്ങൾക്കിടയിൽ ആഴത്തിലുള്ള തിരച്ചിലിനായി സൈനിക സംഘങ്ങൾ ഇവയെ ഇന്ന് ഉപയോഗിക്കും.

****************************************

## HEADLINES-3
## CM

ഉരുൾപൊട്ടലുണ്ടായ വയനാട്ടിൽ രക്ഷാപ്രവർത്തനം അവസാന ഘട്ടത്തിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതീക്ഷ കൈവിടാതെ പരമാവധി ജീവനുകൾ രക്ഷിക്കുകയാണ് പ്രധാന ലക്ഷ്യം. ദുരന്തത്തിൽ തകർന്ന ജനവാസമേഖലക്ക് പകരമായി സുരക്ഷിതമായ മറ്റൊരു പ്രദേശത്ത്, ടൗൺഷിപ്പ് നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി

വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. വയനാട്ടിലെ ദുരിതബാധിതർക്കുള്ള CMDRF സംഭാവനകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ധന വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംവിധാനം ഒരുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ദുരുപയോഗ സാധ്യത കണക്കിലെടുത്ത് ക്യു ആർ കോഡ് സംവിധാനം പിൻവലിക്കാൻ തീരുമാനിച്ചു. പകരം യുപിഐ ഐഡി വഴി ജനങ്ങൾക്ക് സംഭാവന നൽകാമെന്നും അദ്ദേഹം അറിയിച്ചു.

****************************************

## WAYANAD-VISIT

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് വയനാട്ടിലെ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കും. സംസ്ഥാന മന്ത്രിമാരായ M.B രാജേഷും പി രാജീവും പി എ മുഹമ്മദ് റിയാസും ഇന്ന് വയനാട്ടിലെത്തുന്നുണ്ട്.

****************************************

## WAYANAD - G R ANIL

ഉരുൾപൊട്ടലിൽ മരിച്ചവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർക്ക് നാല് കോടി രൂപ അനുവദിച്ചു. മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് ഈ മാസത്തെ റേഷൻ വിഹിതം സൗജന്യമായി നൽകുമെന്ന് മന്ത്രി ജി. ആർ. അനിൽ അറിയിച്ചു.

****************************************

## DRONE SURVEY

മുണ്ടക്കൈ - ചൂരൽമല ദുരിതബാധിത പ്രദേശങ്ങളിൽ ഡ്രോൺ സർവ്വേ നടത്തുമെന്ന് സംസ്ഥാന മന്ത്രിസഭാ ഉപസമിതി അറിയിച്ചു. മേഖലയിലെ പഴയകാല ചിത്രവുമായി താരതമ്യം ചെയ്യാവും തിരച്ചിൽ. ഉരുൾപൊട്ടലിൽ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മൺകൂനകളുടെ ഉയർച്ച വ്യത്യാസം മനസ്സിലാക്കി പരിശോധന ശക്തമാക്കും.

****************************************

## HEADLINES-4

## CENTRE - ORGAN TRANSPORT

കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യോമ, റോഡ്, റെയിൽവേ, ജലപാതാ മാർഗങ്ങളിലൂടെ മനുഷ്യാവയവങ്ങൾ എത്തിക്കുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (എസ്ഒപി) പുറപ്പെടുവിച്ചു. രാജ്യത്തൊട്ടാകെ അവയവമാറ്റ ശസ്ത്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള മാർഗനിർദേശ രേഖയാണ് സർക്കാർ നൽകുന്ന എസ്ഒപികളെന്ന് ആരോഗ്യ സെക്രട്ടറി അപൂർവ ചന്ദ്ര പറഞ്ഞു. അവയവ ഗതാഗത പ്രക്രിയ കാര്യക്ഷമമാക്കുന്നതിലൂടെ, വിലയേറിയ അവയവങ്ങളുടെ പരമാവധി വിനിയോഗം സാധ്യമാക്കാനും ശസ്ത്രക്രിയകൾക്കായി കാത്തിരിക്കുന്ന രോഗികൾക്ക് പ്രതീക്ഷ നൽകാനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. എസ്ഒപി അനുസരിച്ച്, മനുഷ്യാവയവങ്ങൾ വഹിക്കുന്ന വിമാനക്കമ്പനികൾക്ക് വിമാനത്തിന്റെ മുൻഗണന ടേക്ക് ഓഫ് ലാൻഡിംഗിനായി എയർ ട്രാഫിക് കൺട്രോളിനോട് അഭ്യർത്ഥിക്കാനും മുൻ നിര സീറ്റുകൾ ക്രമീകരിക്കാനും കഴിയും. നിതി ആയോഗ്, ബന്ധപ്പെട്ട മന്ത്രാലയങ്ങൾ, ട്രാൻസ്പ്ലാൻറ് പ്രൊഫഷണലുകൾ എന്നിവരുമായി കൂടിയാലോചിച്ചാണ് ഓർഗൻട്രാൻസ്പോർട്ട് എസ്ഒപികൾ വികസിപ്പിച്ചിട്ടുള്ളത്.

****************************************

**HEADLINES-5A**

**OLYMPICS - SCHEDULE**

പാരീസ് ഒളിമ്പിക്സിൽ, ഇന്ന് ഇന്ത്യയ്ക്ക് നിർണായക മത്സരങ്ങൾ. ഉച്ചകഴിഞ്ഞ് 3:30 ന് നടക്കുന്ന ഷട്ടിൽ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് സെമിഫൈനലിൽ ലക്ഷ്യ സെൻ, ടോക്കിയോ ഒളിംപിക്സിലെ സ്വർണ മെഡൽ ജേതാവ് ഡെന്മാർക്കിന്റെ വിക്ടർ അക്സെൽ സെന്നിനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ബോക്സിങ്ങിൽ വനിതകളുടെ 75 കിലോഗ്രാം വിഭാഗം ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ ലവ്‌ലിന ബോർഗോഹൈൻ ചൈനയുടെ ലി ക്വിയാനുമായി ഏറ്റുമുട്ടും. പുരുഷ ഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ഗ്രേറ്റ് ബ്രിട്ടനെ നേരിടും. ജയിച്ചാൽ തുടർച്ചയായ രണ്ടാം ഒളിമ്പിക്സിലും ഇന്ത്യ അവസാന നാലിൽ ഇടം നേടും. ഉച്ചയ്ക്ക് 1 .30 നാണ് മത്സരം. ഷൂട്ടിംഗിൽ, കോമൺവെൽത്ത് ഗെയിംസ് സ്വർണമെഡൽ ജേതാക്കളായ അനീഷ് ഭൻവാലയും വിജയ് വീർ സിദ്ധുവും 25 മീറ്റർ റാപ്പിഡ് ഫയർ പിസ്റ്റളിന്റെ യോഗ്യതാ ഘട്ടത്തിൽ മത്സരിക്കും. അത്‌ലറ്റിക്സിൽ, വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസിന്റെ ആദ്യ റൗണ്ടിൽ പരുൾ ചൗധരി പങ്കെടുക്കും.

****************************************

**OLYMPICS (INTRO)**

പാരീസ് ഒളിമ്പിക്സിൽ ഇന്നലെ നടന്ന ഷൂട്ടിങ് 25 മീറ്റർ പിസ്റ്റൾ ഇനത്തിൽ മൂന്നാം മെഡൽ തേടിയിറങ്ങിയ മനു ഭാക്കർ ഷൂട്ടൗട്ടിൽ പരാജയപ്പെട്ടു. ഷൂട്ടിങ് സ്കീറ്റ് ഇനത്തിൽ അഞ്ജീത് സിങ് നെറുകയ്ക്കും യോഗ്യത നേടാനായില്ല.

**വിശദാംശങ്ങളുമായി പാരീസിൽ നിന്ന് ആകാശവാണിക്ക് വേണ്ടി വി ശിവകുമാർ...**

(വോയ്സ്)

****************************************

**HEADLINES-5B**

## INDIA - SL CRICKET

ഇന്ത്യ-ശ്രീലങ്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന്. ഉച്ചയ്ക്ക് 2.30ന് കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ ഏകദിനം 'ടൈ' ആയിരുന്നു. മൂന്നു മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

****************************************

## YAMINI KRISHNAMOORTHY

കഴിഞ്ഞ ദിവസം അന്തരിച്ച പ്രശസ്ത നർത്തകി യാമിനി കൃഷ്ണമൂർത്തിയുടെ ഭൗതിക ശരീരം രാവിലെ ഒമ്പതിന് ന്യൂഡൽഹി ഹൗസ്ഖാസിലെ നൃത്തവിദ്യാലയത്തിൽ പൊതുദർശനത്തിന് വെക്കും. സംസ്കാരം പിന്നീട് തീരുമാനിക്കുമെന്ന് ബന്ധുക്കൾ അറിയിച്ചു. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം. 2016 ൽ രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ചിട്ടുണ്ട്.

****************************************

## RAIN KERALA

കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെയുള്ള ന്യൂനമർദ പാത്തിയുടെ ഫലമായി സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

*

******************

***********************************************************